*പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം*
*ഹയർസെക്കണ്ടറി വിഭാഗം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/ HSE/2019** **27/12/2019**

# സർക്കുലർ

**വിഷയം : 2019–2020 അധ്യയന വർഷത്തെ ഒന്നാം വർഷ പരീക്ഷയുടെ നോമിനൽ റോൾ ഉൾപ്പെടുത്തലുകൾ : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

സൂചന : 1) ഇതേ നമ്പറിൽ 2019 ഒക്ടോബർ 14 , 31 – തീയതികളിലെ സർക്കുലറുകൾ
2) GO(Rt)No. 1313/11/G.Edn dated 31/3/2011
3) GO(Rt)No. 2051/10/G.Edn dated 15/5/2010
4) GO(Rt)No. 1638/19/G.Edn dated 08/05/2019

സൂചന സർക്കുലറുകൾ പ്രകാരം 2020 മാർച്ചിൽ ഒന്നാം വർഷ ഹയർസെക്കണ്ടറി പരീക്ഷ എഴുതാൻ യോഗ്യരായ എല്ലാ സ്കൂൾ ഗോയിങ് റെഗുലർ വിദ്യാർത്ഥികളേയും ഉൾകൊള്ളിച്ചു കൊണ്ടുള്ള നോമിനൽ റോൾ സ്കൂൾ അധികൃതരുടെ പരിശോധനക്ക് രണ്ട് അവസരങ്ങൾ അനുവദിച്ച് പരീക്ഷാ വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. ഇത്തരത്തിൽ കൈമാറിയ നോമിനൽ റോൾ പരീക്ഷാ സോഫ്റ്റ്‌വയറായ iExaMS–ൽ First Year Check List ആയി പ്രസിദ്ധീകരിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ചില വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടില്ല എന്ന തരത്തിൽ ഏതാനും സ്കൂളുകളിൽ നിന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ **വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനായി അത്തരം സ്കൂൾ പ്രിൻസിപ്പൾമാർ** താഴെ സൂചിപ്പിക്കുന്ന നടപടിക്രമങ്ങൾ **പാലിക്കേണ്ടതാണ്.**

**അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in –ലെ SCHOOLWISE ADMITTED LIST –ലെ NOMINAL ROLL STATUS എന്ന കോളത്തിലെ സ്റ്റാറ്റസ് YES ആണെങ്കിൽ പരീക്ഷാവിഭാഗത്തിൽ നിന്നും സപ്ലിമെൻററി ആയി വിദ്യാർത്ഥി വിവരങ്ങൾ ഉൾപ്പെടുത്തുന്നതാണ്. എന്നാൽ മറ്റ് തരത്തിലാണ് സ്റ്റാറ്റസ് എങ്കിൽ** നോമിനൽ ലിസ്റ്റിലില്ലാത്ത വിദ്യാർത്ഥികളുടെ അഡ്മിഷൻ നമ്പർ, അഡ്മിഷൻ നൽകിയ രീതി, അപേക്ഷാ നമ്പർ (ഏകജാലക അപേക്ഷാനമ്പറാണ് നൽകേണ്ടത്), അഡ്മിഷൻ നൽകിയ തീയതി, വിഷയ കോംബിനേഷൻ (കോഡ് സഹിതം), അക്കൗണ്ടൻസി വിഷയങ്ങളുണ്ടെങ്കിൽ **AFS** അല്ലെങ്കിൽ **CA** എന്നത്, രണ്ടാം ഭാഷ, പ്രവേശനം നൽകിയതിനാധാരമായ ഉത്തരവുകളുടെ പകർപ്പ്, പ്രിൻസിപ്പലിന്റെ റിപ്പോർട്ട്, യോഗ്യതാ സർട്ടിഫിക്കറ്റ്,

അഡ്മിഷൻ രജിസ്റ്ററിൻെറ നിർദ്ദിഷ്ട പേജ് (സൂചന 2 പ്രകാരമുള്ള)എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ,നിർദ്ദിഷ്ഠ വലിപ്പത്തിലുള്ള വിദ്യാർത്ഥിയുടെ ഫോട്ടോയുടെ സോഫ്റ്റ്കോപ്പിയും **അസ്സൽ രേഖകൾ സഹിതം 2020 ജനുവരി 3 ന് വൈകിട്ട് 4 മണിക്കുള്ളിൽ ഐ.സി.റ്റി. സെല്ലിൽ നേരിട്ട് ഹാജരായി ഉൾപ്പെടുത്തേണ്ടതാണ്.**

നോമിനൽ റോളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളേയോ, രക്ഷകർത്താക്കളേയോ ഒരു കാരണവശാലും ഡയറക്ടറേറ്റിലേക്ക് അയക്കരുത്. സ്കൂളധികൃതരാണ് ഐ.സി.റ്റി. സെല്ലുമായി ബന്ധപ്പെട്ട് ലിസ്റ്റ് പൂർണ്ണമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.

**2020 ജനുവരി 3 നുള്ളിൽ 2020 മാർച്ച് പരീക്ഷയ്ക്ക് യോഗ്യരായ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ കേന്ദ്രീകൃത പ്രവേശന രജിസ്ട്രിയിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്ന പ്രിൻസിപ്പൽമാർക്കെതിരെ കൃത്യനിർവഹണ വീഴ്ചയ്ക്ക് വകുപ്പ് തല കർശന നടപടികൾ സ്വീകരിക്കുന്നതാണ്.**

**ഒപ്പ്/-**

**ജോയിൻറ് ഡയറക്ടർ(അക്കാദമിക്)**